"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കാലാവസ്ഥ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി M/s Skymet ന് അനുവദിക്കുന്നതിനുള്ള ഒന്നാം ഗഡു തുകയായ 3,99,357/- രൂപ അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.454/2024/DMD തീയതി,തിരുവനന്തപുരം, 01-07-2024

പരാമർശം:- 1.സഉ(സാധാ)നം.15/2024/ഡിഎംഡി തീയതി 06/01/2024

2.മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 01/06/2024 ലെ HA5/692/2020/SEOC-KSDMA നമ്പർ കത്ത്

**ഉത്തരവ്**

കാലാവസ്ഥ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള M/s Skymet മായുള്ള കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി പുതുക്കി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. M/S Skymet ന് അനുവദിക്കേണ്ട ഒന്നാം ഗഡു തുകയായ 3,99,357/- രൂപ അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള ഇൻവോയ്സ് M/S Skymetൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും മേൽ തുക അനുവദിച്ച് നല്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലാവസ്ഥ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള M/s Skymet മായുള്ള കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി പുതുക്കിയിട്ടുള്ള സാഹചര്യത്തിൽ Skymet ന് അനുവദിക്കുന്നതിനുള്ള ഒന്നാം ഗഡു തുകയായ 3,99,357/- രൂപ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01-Flood Other Item (NP) ശീർഷകത്തിൽ നിന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ SBI Maruthamkuzhy Branch ലെ 33031314643 എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

ഫിനാൻസ് ഓഫീസർ,ദുരന്ത നിവാരണ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 01-07-2024 17:27:32
സെക്ഷൻ ഓഫീസർ